# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *98　　　12.06.2014 - ൽ മറുപടിക്ക്**

**ദേശീയപാത 17 ന്റെ വികസന പ്രവർത്തനങ്ങളിൽ നിന്ന്**
**ദേശീയപാത വികസന അതോറിറ്റിയുടെ പിൻമാറ്റം**

**ചോദ്യം**

ശ്രീ.വി.ശിവൻകുട്ടി
" സി.കെ. സദാശിവൻ
" ജെയിംസ് മാത്യൂ

**ഉത്തരം**

ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്
(പൊതുമരാമത്ത് വകുപ്പമന്ത്രി)

(എ) ദേശീയപാത 17ന്റെ വികസന പ്രവർത്തനങ്ങളിൽ നിന്ന് ദേശീയ പാത വികസന അതോറിറ്റി പിൻവാങ്ങിയിട്ടുണ്ടോ ;

(ബി) വേറെ ഏതൊക്കെ പദ്ധതികളിൽ നിന്ന് അതോറിറ്റി പിൻവാങ്ങിയിട്ടുണ്ടെന്നറിയിക്കുമോ ;

(സി) ഇത്തരം പിന്മാറ്റത്തിനുള്ള കാരണമെന്തെന്ന് വിശദമാക്കുമോ ;

(എ), (ബി), (സി) കേരളത്തിലെ ദേശീയപാത 17ഉം 47 ഉം ബി.ഒ.റ്റി വ്യവസ്ഥയിൽ സർവ്വീസ് റോഡോടു കൂടി നാലുവരി പാതയായി വികസിപ്പിക്കുവാൻ എൻ.എച്ച്.എ.ഐയെ ഏൽപ്പിക്കുകയുണ്ടായി. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടാകാത്തതിനാൽ ദേശീയ പാത 17 ന്റെ കുറ്റിപ്പുറം മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗവും എൻ.എച്ച് 47 ന്റെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗവും പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കി കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഇതിന്റെ ഫലമായി സംസ്ഥാനത്തെ റോഡു വികസനത്തിനുള്ള കേന്ദ്ര ഫണ്ട് ലഭിക്കാതിരിക്കാൻ സാദ്ധ്യതയില്ലേ ;

(ഡി) ഇല്ല.

(ഇ) സംസ്ഥാന സർക്കാരിന്റെ അനാസ്ഥ ഈ പിന്മാറ്റത്തിനു കാരണമായിട്ടുണ്ടോ; വിശദമാക്കുമോ ?

(ഇ) അനാസ്ഥ ഉണ്ടായിട്ടില്ല. സ്ഥലം ഏറ്റെടുക്കുന്നതിൽ വമ്പിച്ച എതിർപ്പാണ് നേരിടേണ്ടി വന്നത്.

സെക്ഷൻ ഓഫീസർ